അബ്കാരി ബോർഡിന്റെ കീഴിലുള്ള ജില്ലാ ഓഫീസുകളുടെ പ്രവർത്തനം

24 [2218] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അബ്കാരി ബോർഡിന്റെ ജില്ലാ ഓഫീസുകൾ പ്രവർത്തനം ആരംഭിച്ചോ;

(ബി) ജില്ലാ ഓഫീസിന്റെ സ്റ്റാഫ് പാറ്റേൺ എന്താണ്;

(സി) കോട്ടയം ജില്ലാ ഓഫീസിൽ ഏതെല്ലാം വിഭാഗത്തിൽ എത്ര തസ്തികകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്;

(ഡി) ഏതെല്ലാം വിഭാഗത്തിൽ എത്രപേരെ നിയമിച്ചിട്ടുണ്ട്?

ഉത്തരം

(എ) അബ്കാരി ബോർഡിന്റെ എട്ടു ജില്ലാ ഓഫീസുകൾ പ്രവർത്തനം ആരംഭിച്ചു. പുതുതായി അനുവദിച്ച കൊല്ലം, മലപ്പുറം ജില്ലാ ഓഫീസുകൾ പ്രവർത്തനം ആരംഭിക്കുവാനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) ജില്ലാ ഓഫീസിന്റെ സ്റ്റാഫ് പാറ്റേൺ താഴെ പറയും പ്രകാരമാണ്:

ജില്ലാ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ	..	1
അപ്പർ ഡിവിഷൻ ക്ലാർക്ക്	..	1
ലോവർ ഡിവിഷൻ ക്ലാർക്ക്	..	1
ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്	..	1
പ്യൂൺ	..	1
ആകെ	..	5

(സി) കോട്ടയം ജില്ലാ ഓഫീസിലേയ്ക്ക് അനുവദിച്ച തസ്തികകൾ:

വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ	..	1
അപ്പർ ഡിവിഷൻ ക്ലാർക്ക്	..	1
ലോവർ ഡിവിഷൻ ക്ലാർക്ക്	..	1
ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്	..	1
പ്യൂൺ	..	1

(ഡി) കോട്ടയം ജില്ലയിൽ ഒരു അപ്പർ ഡിവിഷൻ ക്ലാർക്കിന്റെ തസ്തിക ഒഴികെ മറ്റെല്ലാ തസ്തികകളിലും നിയമനം നടത്തിയിട്ടുണ്ട്.

ആലുവ–ചേർത്തല എൻ. എച്ച്. റോഡ് ഫോർലൈൻ ആക്കുവാൻ നടപടി

25 [2200] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ–ചേർത്തല (എൻ. എച്ച്.) ഭാഗത്ത് ഉള്ള റോഡ് ഫോർലൈൻ ആക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്നതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly